(ബി) 2010-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന പ്രൊമോഷൻ വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിലെ എൽ.ഡി.ടൈപ്പിസ്റ്റ്, എൽ.ഡി.ക്ളാർക്ക് എന്നീ കേഡറുകളിൽ ഉണ്ടാകുന്ന 5% ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി മാറ്റി വച്ചിട്ടുണ്ട്.

(ബി&സി) അതോറിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ & ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ തീരുമാനമാകുന്നതാണ്.

ഗാർഹിക ഉപഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിന് നടപടി

157 (1885) ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പ് ലൈനുകളിൽനിന്നും ഗാർഹിക ഉപഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽവരുന്ന വെള്ളക്കടവ്, വാഴോട്ടുകോണം വാർഡുകളിൽ പ്രസ്തുത പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ ജലവിതരണക്ഷമമാക്കിയിട്ടുണ്ടോ ;

(സി) വാഴോട്ടുകോണം വാർഡിൽപ്പെടുന്ന മൂന്നാംമൂട് പഞ്ചമി ലൈൻ റോഡിൽ പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനിൽ നിന്ന് ഗാർഹിക ഉപഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(സി) വാഴോട്ടുകോണം വാർഡിൽപ്പെടുന്ന മൂന്നാംമൂട് പഞ്ചമി ലൈൻ റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ JNNURM പദ്ധതിയുടെ ഭാഗമായി 1670 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഈ ലൈൻ ജിക്ക പൈപ്പ് ലൈനുമായി ഇന്റർ കണക്ഷൻ ചെയ്യുന്നതാണ്. പ്രസ്തുത പണി പൂർത്തിയായതിനുശേഷം ഗാർഹിക കണക്ഷൻ നൽകാൻ കഴിയുന്നതാണ്. അതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly